പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *132 — 04.12.2015-ൽ മറുപടിക്ക്

## പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എം.റ്റി.ജോർജ്ജ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരിക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ; | (ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഉപയോഗശൂന്യമായ ഇലക്ട്രോണിക് / ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ കെട്ടിക്കിടക്കുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയുക, ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുക, ശാസ്ത്രീയമായ മാലിന്യപരിപാലനം നടത്തുക, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക പൊതുനിരത്തുകൾ, ഓവുചാലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്ന പ്രവണതയും പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണതയും ഗണ്യമായി കുറയ്ക്കുക, പുന:ചംക്രമണ മൂല്യമുള്ള വസ്തുക്കൾ പരമാവധി പുന:ചംക്രമണ വിധേയമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുള്ള നടപടി സ്ക്രാപ്പ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികളും ശുചിത്വമിഷൻ മുഖേന സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ